തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ധനസഹായം

285 (974) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളിക്ഷേമനിധി ബോർഡുകളിൽ നിന്നും, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, പ്രസവാനന്തര ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയവ യഥാസമയം നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) വിവിധ ക്ഷേമനിധികളിൽ നിന്നും മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിലേക്കുമായി എത്ര പേർക്ക് വീതം ധനസഹായം നൽകാനുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യം യഥാസമയം നൽകി വരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

തൊഴിൽ രഹിതർക്ക് പുതിയ പദ്ധതികൾ

286(975) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് 4% പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്നു വിശദമാക്കുമോ ;

(ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് നൈപുണ്യ പദ്ധതിയിലൂടെ പഞ്ചായത്തുകൾതോറും പരിശീലന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്നു വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പുമുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് നാല് ശതമാനം പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളോ നിർദ്ദേശങ്ങളോ പരിഗണനയിലില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടി Entrepreneurship Development India, Ahmadabad എന്ന സ്ഥാപനവുമായി ചേർന്ന് കൊച്ചിയിൽ ഒരു സെന്റർ തുടങ്ങുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശല കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും കൗശല കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൂന്നാർ തോട്ടം തൊഴിലാളി സമരം

287 (976) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തായിരുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ തീരുമാനങ്ങളാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(ഡി) നടപ്പിലാക്കേണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?